# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5183 **27.06.2019-ൽ മറുപടിയ്ക്ക്**

### പ്രകൃതി ചികിത്സ സമ്പ്രദായം

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രകൃതി ചികിത്സ സമ്പ്രദായം വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | പ്രകൃതി ചികിത്സാ സമ്പ്രദായം വികസിപ്പിക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് പ്ലാൻ പദ്ധതി പ്രകാരം 2016-2017 സാമ്പത്തിക വർഷം 2979486/- രൂപയും, 2017-2018 സാമ്പത്തിക വർഷം 55,00,000/- രൂപയും, 2018-2019 സാമ്പത്തിക വർഷം 4 കോടി 35 ലക്ഷം രൂപയും 2019-2020 സാമ്പത്തിക വർഷം 75,00,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ പ്രകൃതി ചികിത്സാ ആശുപത്രികളുടെ കെട്ടിട നിർമ്മാണം, വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയുടെ പേവാർഡ് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ആയതിൻപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ചികിത്സാപദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള ചികിത്സാ കേന്ദ്രങ്ങളുടെ വിശദാംശം നൽകാമോ? | (ബി) | ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ 50 കിടക്കകളുള്ള വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയും, കൊല്ലം ജില്ലയിലെ പുനലൂർ പ്രകൃതി ചികിത്സാ ഡിസ്പെൻസറിയും, പാലക്കാട് ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ 10 കിടക്കകളുള്ള അറ്റാച്ച്ഡ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ